

# ആമസോൺ കാടുകൾ കത്തിയെരിയുമ്പോൾ

• പി.എ. നാസിമുദ്ദീൻ

**ഭൂമിയുടെ ശ്വാസ കോശങ്ങൾ എന്നറിയപ്പെടുന്ന ആമസോൺ മഴക്കാടുകളിലെ കാട്ടുതീ ലോകത്തെ ആശങ്കയുടെ മുനമ്പിലാക്കിയിരിക്കുകയാണ്.**

കൂട്ടുകാരേ, നമ്മുടെ രാജ്യത്ത് അനുഭവപ്പെടുന്ന കാലാവസ്ഥയും പ്രകൃതിസന്തുലനവുമൊക്കെ നമ്മുടെ രാജ്യവുമായി മാത്രം ബന്ധപ്പെട്ടതാണെന്ന് കരുതുന്നുണ്ടോ? ലോകത്ത് എവിടെയും ഉണ്ടാകുന്ന ഭൂമിശാസ്ത്രപരമായ മാറ്റങ്ങൾ നമ്മുടെ പ്രദേശത്തും വന്നുലക്കും. നദികൾ, സമുദ്രങ്ങൾ മുതലായവ രാജ്യങ്ങളുടെ അതിർത്തിക്കപ്പുറത്തുകൂടി നിലകൊള്ളുന്നവയാണ്. അതുകൊണ്ടാണ് ഒരു രാജ്യത്ത് വെള്ളപ്പൊക്കമുണ്ടാകുമ്പോൾ അത് അയൽരാജ്യത്തെക്കൂടി ബാധിക്കുന്നത്. ഇൻഡോനേഷ്യയിലെ സുമാത്രയിലുണ്ടായ കടലിനടിയിലെ ഭൂകമ്പം നമ്മുടെ കേരളത്തിൽ പോലും എത്രയോ പേരുടെ മരണത്തിന് കാരണമാകുകയും നാശനഷ്ടങ്ങൾ വിതക്കുകയും ചെയ്തു.

തെക്കേ അമേരിക്കൻ ഭൂഖണ്ഡത്തിലെ ആമസോൺ മഴക്കാടുകളിലെ കാട്ടു തീ നിയന്ത്രണാതീതമായതും പുകപടലങ്ങൾ കൊണ്ട് ആ മഴക്കാടുക

▸▸ കേരളത്തിലെ ഏറ്റവും വലിയ ദേശീയോദ്യാനം– സൈലന്റ് വാലി



ളിലെ 60 ശതമാനവും പങ്കിടുന്ന ബ്രസീലിലെ സംസ്ഥാനങ്ങൾ നട്ടുച്ചക്ക് ഇരുട്ടിലായതും ലോകത്തെ പിടിച്ചുകുലുക്കിയ വാർത്തകൾ ആയിരുന്നു. വാസ്തവത്തിൽ ഈ കാടുകൾ കാട്ടുതീകൊണ്ട് കത്തിയെരിയുമ്പോൾ അവ നമ്മെ എങ്ങനെയാണ് ബാധിക്കുന്നത്? അവയുടെ പ്രത്യാഘാതങ്ങൾ എന്തൊക്കെയാണ്. ഇത്തരം കാര്യങ്ങളെക്കുറിച്ച് നമുക്ക് ലഘുവായി ചിന്തിക്കാം.

ഭൂമിയുടെ ശ്വാസകോശങ്ങൾ എന്നറിയപ്പെടുന്ന ആമസോൺ പ്രദേശം ആമസോൺ നദീതടങ്ങൾ കൊണ്ടുണ്ടായവയാണ്.




ഭൂമിയിലെ കാലാവസ്ഥയെ സന്തുലിതമായി നിലനിർത്തുന്നതിലും ആഗോളതാപനത്തെ ചെറുക്കുന്നതിലും ഇവക്ക് ഗണ്യമായ പങ്കുണ്ട്. ആമസോൺ പ്രദേശം 70 ലക്ഷം ചതുരശ്ര കിലോമീറ്ററാണെങ്കിൽ അതിൽ 55 ലക്ഷവും മഴക്കാടുകളാണ്. കേരളത്തിന്റെ വിസ്തീർണ്ണത്തിന്റെ 128 ഇരട്ടിയിലധികം വരും ഇത്. ഈ മഴക്കാടുകൾ കാർബൺഡൈ ഓക്സൈഡിനെ വലിച്ചെടുക്കുകയും ഓക്സിജൻ പുറത്തുവിടുകയും ചെയ്യുന്നു. ഇവ വർഷത്തിൽ 2 ബില്യൺ കാർബൺഡൈ ഓക്സൈഡിനെ അന്തരീക്ഷത്തിൽ നിന്ന് വലിച്ചെടുക്കുന്നു.

ലോകത്തിലെ ഏറ്റവും വലിയ ഉഷ്ണമേഖലാ മഴക്കാടായ ഇത് ജന്തുസസ്യ വൈവിധ്യങ്ങളിലും ലോകത്ത് മുന്നിലാണ്. 3000-ത്തിൽ പരം പക്ഷികളെയും അത്രതന്നെ മീൻവർഗ്ഗ

▸▸ കേരളത്തിലെ ആദ്യ വന്യജീവി സങ്കേതം– പെരിയാർ



*ആമസോൺ കാട്ടിലെ ഒരു ദൃശ്യം*



ങ്ങളെയും 5000–ൽ പരം സസ്യങ്ങളെയും ശാസ്ത്രീയമായി ഈ കാടുകളിൽ വേർതിരിക്കാൻ കഴിഞ്ഞിട്ടുണ്ട്. ആ പ്രക്രിയ തുടരുകയാണ്. ലോകത്തിൽ കാണുന്ന സസ്യജാലങ്ങളിൽ പത്തിലൊന്നും, പക്ഷി വിഭാഗങ്ങളിൽ നാലിലൊന്നും മത്സ്യ വിഭാഗങ്ങളിൽ അഞ്ചിലൊന്നും, മൃഗങ്ങളിൽ ഏറിയവയും ഇവിടെ കാണാമെന്നു പറയുമ്പോൾ തന്നെ ഈ മഴക്കാടുകൾക്ക് ഭൂമിയിലുള്ള സ്വാധീനം മനസ്സിലാക്കാമല്ലോ.

ഇതിന്റെ 60% ബ്രസീലിലാണ്. 13% പെറുവിലും, 10% കൊളംബിയയിലും. മറ്റു ഭാഗങ്ങൾ വെനിസ്വല, ഇക്വഡോർ തുടങ്ങിയ രാജ്യങ്ങളിലായി വ്യാപിച്ചു കിടക്കുന്നു. ഒമ്പതു രാജ്യങ്ങളിലാണ് ആമസോൺ മഴക്കാടുകൾ മൊത്തമായി സ്ഥിതിചെയ്യുന്നത്.

## കാട്ടു തീക്കുള്ള കാരണങ്ങൾ

ആമസോൺ കാടുകൾ കത്തിയെരിഞ്ഞത് ഈ വർഷം ലോകം ഉത്കണ്ഠയോടെയാണ് ഉറ്റു നോക്കിയത്. ശക്തമായ പുകക്കാറ്റിനൊപ്പം സഞ്ചരിച്ച് ബ്രസീലിലെ പല സംസ്ഥാനങ്ങളെയും പകൽ തന്നെ ഇരുട്ടിലാഴ്ത്തിയിരുന്നു. കൂടാതെ കാട്ടുതീയുണ്ടാക്കിയ വിഷമങ്ങൾ മൂലം ചില സംസ്ഥാനങ്ങളിൽ അടിയന്തരാവസ്ഥ പ്രഖ്യാപിക്കേണ്ടതായും വന്നു.

ആമസോൺ കാടുകളിൽ മുൻവർഷങ്ങളിലും കാട്ടുതീ പടർന്നിരുന്നുവെങ്കിലും ഈ വർഷം കഴിഞ്ഞ വർഷത്തേക്കാൾ 85% കൂടുതലായിരുന്നു. 74115 കാട്ടുതീകളാണ് റിപ്പോർട്ട് ചെയ്യപ്പെട്ടത്.

കടുത്ത വരൾച്ചയിൽ കാട്ടുതീ ഉണ്ടാകാനുള്ള സാധ്യത വളരെ അധികമാണ്. എൽനിനോ പ്രതിഭാസം (മൺസൂൺ മാറിവീശൽ കൊണ്ട് കാലാവസ്ഥയിൽ ഉഷ്ണം കൂടുതലാകുന്ന അവസ്ഥ) ആണ് ഇതിന് കാരണമെന്നാണ് ബ്രസീലിയൻ പ്രസിഡന്റ് ആദ്യം പറഞ്ഞത്. പിന്നീട് ലോകത്തിന്റെ വിവിധഭാഗങ്ങളിൽ നിന്ന് പ്രതിഷേധങ്ങൾ ഉയർന്നു വന്നപ്പോൾ ബ്രസീലിന്റെ ആഭ്യന്തര കാര്യമാണെന്നും മറ്റുള്ളവർ ഇടപെടേണ്ട എന്നും പറഞ്ഞു.

വാസ്തവത്തിൽ ഇത് ബ്രസീലിന്റെ ആഭ്യന്തര പ്രശ്നമായിരുന്നില്ല. ലോകത്തിന്റെ തന്നെ പ്രശ്നമായിരുന്നു. ആമസോൺ കാടുകളിൽ കൃഷിഭൂമിക്കായ് കാടുവെട്ടിത്തെളിക്കാനും, കന്നുകാലികൾക്ക് മേച്ചിൻപുറങ്ങൾ ഉണ്ടാക്കാനും കാടുകൾക്ക് തീ കൊളുത്തുക പതിവാണ്. കൂടാതെ ഗവൺമെന്റ് സഹായത്തോടെ അവിടെ സോയാബീൻ കൃഷിയും തകൃതിയായി നടന്നിരുന്നു. കൃഷിഭൂമിയാക്കാൻ കാടിന് തീകൊളുത്തുന്ന രീതി മുമ്പേ ഉണ്ടായിരുന്നുവെങ്കിലും ഇത്തവണ കാട്ടുതീ നിയന്ത്രണാതീതമാകുകയായിരുന്നു.

ആമസോൺ മഴക്കാടുകളിലെ വ്യാപകമായ

▸▸ ഇന്ത്യയിലെ ആദ്യത്തെ ഇക്കോ ടൂറിസം കേന്ദ്രം– തെൻമല(ഇടുക്കി)



↑ ***ആന്റോണിയോ ഗുട്ടറസ്***
*(ഐക്യരാഷ്ട്രസഭ സെക്രട്ടറി ജനറൽ)*

തീപിടുത്തം കാർബൺ മോണോക്സൈഡ് വലിയരീതിയിൽ അന്തരീക്ഷത്തിൽ കൂടാനും അത് ആഗോളതാപനത്തെ വർദ്ധിപ്പിക്കാനും കാരണമാകുമെന്ന് ശാസ്ത്രജ്ഞർ പറയുന്നു. ഐക്യരാഷ്ട്രസഭ സെക്രട്ടറി ജനറൽ ആന്റോണിയോ ഗുട്ടറസ് പറഞ്ഞത് വിഷയം ആശങ്കാജനകമാണെന്നാണ്. ആഗോളതാപനത്തിന്റെ നടുവിൽ നിന്നുകൊണ്ട് ഭൂമിയിൽ ഓക്സിജന്റെയും ജൈവവൈവിധ്യത്തിന്റെയും പ്രധാന സ്രോതസ്സായ ആമസോൺ മഴക്കാടുകൾ കത്തിനശിക്കാൻ അനുവദിക്കില്ലെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ഫ്രാൻസ് പ്രസിഡന്റായ ഇമ്മാനുവൽ മാക്രോൺ ഇതിനെതിരെ മുന്നോട്ടുവന്നു. വികസിതരാജ്യങ്ങളുടെ സംഘടനയായ ജി7- ൽ പ്രശ്നം ചർച്ചക്ക് വെക്കുകയും ചെയ്തു. ഈ സംഘടനയിൽ ബ്രസീൽ അംഗമല്ല.

എർത്ത് അലയൻസ് എന്ന അന്താരാഷ്ട്ര സംഘടനയുടെ പ്രസിഡന്റ് സുപ്രസിദ്ധ ഹോളിവുഡ് നടൻ ലിയാൻഡോ ഡികാപ്രിയോയും ശക്തമായി പ്രതികരിക്കുകയും സോഷ്യൽ മീഡിയയിൽ ഹാഷ് ടാഗ് ആരംഭിക്കുകയും ചെയ്തു. കൂടാതെ 5 മില്യൺ ഡോളർ സഹായ വാഗ്ദാനവും നടത്തി.

ഇന്ത്യയിലും ഈ വിഷയത്തിനെതിരെയുള്ള പ്രതിഷേധങ്ങൾ ഉണ്ടായി. ബോളിവുഡ് നടന്മാരും പരിസ്ഥിതി പ്രവർത്തകരുമടക്കമുള്ളവർ വിവിധ സ്ഥലങ്ങളിൽ പ്രതിഷേധങ്ങൾ സംഘടിപ്പിച്ചു. കേരളത്തിലും പ്രതിഷേധങ്ങൾ ഉണ്ടായി.

ഇത്രയധികം പരിസ്ഥിതി പ്രശ്നങ്ങൾ ഉണ്ടായിട്ടും കാട് എന്ന ജൈവസ്രോതസ്സ് ഭൂമിയിലെ മനുഷ്യന്റെ നിലനിൽപ്പിനായ് അത്യാവശ്യമാണെന്ന കാര്യം മനുഷ്യരാശി ഇനിയും മനസ്സിലാക്കിയിട്ടില്ല. അഥവാ മനസ്സിലാക്കിയാൽ തന്നെ സ്വന്തം ലാഭത്തിനായി അത് തൽക്കാലം മറന്നുപോകുന്നു.

വരും തലമുറയുടെ സുരക്ഷിതത്വത്തിനായ് പുതിയ പ്രകൃതിസംരക്ഷണ നിയമങ്ങൾ ഇനിയും നിർമ്മിക്കേണ്ടി വന്നേക്കാം.

◆





▸▸ **കേരളത്തിൽ വനമഹോൽസവം ആരംഭിച്ചത്- കെ.എം മുൻഷി (1950)**